പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1036 05/03/2018-ൽ മറുപടിക്ക്

## അദ്ധ്യാപകരുടെ അധിക തസ്തികയിലെ നിയമനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) 2006-2011 കാലയളവിൽ അധികതസ്തികയിൽ നിയമിതരായ എത്ര അദ്ധ്യാപകർക്ക് നിയമന അംഗീകാരം ലഭിക്കാനുണ്ട്; | (എ) 2006 മുതൽ നിയമനം നേടിയ അദ്ധ്യാപകരിൽ അദ്ധ്യാപക പാക്കേജ് വഴി 3361 പേർക്കാണ് 1/6/2011 മുതൽ നിയമനാംഗീകാരം നൽകിയത്. ഇവരുടെ 1/6/2011 നു മുമ്പുള്ള മുൻകാല സർവ്വീസാണ് അംഗീകരിക്കാനുള്ളത്. |
| (ബി) ഇപ്രകാരം നിയമനങ്ങൾ നടക്കാനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; | (ബി) 1). 17/8/2005 ലെ ജി.ഒ (പി) നം. 317/2005/ പൊ.വി.വ പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ 2006-07 അദ്ധ്യയന വർഷം മുതൽ ഉണ്ടാകുന്ന അധിക തസ്തികകളിൽ നിയമനം നടത്തരുതെന്ന് നിർദേശം നൽകിയിരുന്നു.<br>2). 12/10/2006 ലെ ജി.ഒ (പി) നം. 259/2006/പൊ.വി.വ പ്രകാരം സംസ്ഥാനത്തെ അൺ ഇക്കണോമിക് ആയി പ്രഖ്യാപിച്ചിട്ടുള്ള സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സംരക്ഷിതാദ്ധ്യാപകരെ കൊണ്ടു മാത്രമേ നികത്താവൂ എന്ന് സർക്കാർ നിഷ്കർഷിച്ചിരുന്നു.<br>3). പുതുതായി ഉണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിൽ ഒരു സംരക്ഷിതാദ്ധ്യാപകനെയെങ്കിലും നിയമിക്കണമെന്ന് 1/2/2006 ലെ ജി.ഒ (പി) നം. 46/2006/പൊ.വി.വ പ്രകാരം സർക്കാർ നിർദേശിച്ചിരുന്നു.<br>4). ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്ന സ്കൂളുകളിൽ അത് അവസാനിപ്പിക്കുന്നതു മൂലം ഉണ്ടാകുന്ന ഒഴിവിൽ അതതു സ്കൂളിൽ നിന്ന് ഡിവിഷൻ ഫാൾ വഴി പുറത്തായ അദ്ധ്യാപകരെയോ സംരക്ഷിതാദ്ധ്യാപകരെയോ നിയമിക്കണമെന്ന് 4/6/2010 ലെ ജി.ഒ (പി) നം. 92/10/പൊ.വി.വ പ്രകാരം സർക്കാർ |

നിഷ്കർഷിച്ചിരുന്നു.

മേൽപറഞ്ഞ നിർദേശങ്ങളെയെല്ലാം അവഗണിച്ചുകൊണ്ട് മാനേജർമാർ പുതിയ നിയമനങ്ങൾ നടത്തുകയും അവയൊന്നും ഒരു തലത്തിലും അംഗീകരിക്കപ്പെടാതിരിക്കുകയും ചെയ്തതിനെ തുടർന്നാണ് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ പ്രസ്തുത കാലയളവിൽ ആയിരക്കണക്കിന് അംഗീകാരമില്ലാത്ത അദ്ധ്യാപകരുണ്ടായത്.

(സി) പ്രസ്തുത അദ്ധ്യാപകരുടെ സർവ്വീസ് ക്രമവൽക്കരിച്ച് നിയമന അംഗീകാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?.

(സി) ഇത്തരം അദ്ധ്യാപകരുടെ 01/06/2011 നു മുമ്പുള്ള സർവ്വീസ് നോഷണലായി അംഗീകരിക്കുന്നതിന് സർക്കാർ 16/02/2018 ലെ സ.ഉ (പി) നം. 02/2018/പൊ.വി.വ പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ ബഹു. സുപ്രീംകോടതിയിൽ ഒരു കേസ് നിലനിൽക്കുന്നതിനാൽ പ്രസ്തുത ഉത്തരവ് ഇപ്പോൾ റദ്ദ് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ